1. ഇ.ബി. XIII-കേരള നിയമസഭ/XI-21

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 09, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അറിയിപ്പ്**

**സമയ ക്ലിപ്തത**

മി. സ്പീക്കർ: മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പങ്കെടുത്ത മീറ്റിംഗിൽ വച്ചാണ് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചകൾ തീരുമാനിച്ചത്. എന്നാൽ ആരും സമയക്ലിപ്തത പാലിച്ചില്ല. ഇന്ന് ധനകാര്യ ബില്ലിന്റെ മൂന്നു മണിക്കൂർ ചർച്ചയും സബ്ജക്ട് കമ്മിറ്റി മീറ്റിംഗുകളുമുള്ളതുകൊണ്ട് എല്ലാവരും സമയക്ലിപ്തത പാലിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സമയ ക്ലിപ്തത പാലിക്കുന്നതിനായി അങ്ങെടുക്കുന്ന തീരുമാനം നടപ്പിലാക്കുന്നതിന് ഇരുഭാഗത്തുനിന്നും പൂർണ്ണ സഹകരണമുണ്ടാകും.

## അടിയന്തരപ്രമേയം

### റെയിൽവേ ബഡ്ജറ്റിലെ അവഗണന

മി. സ്പീക്കർ: എൻ.ഡി.എ. സർക്കാർ ഇന്നലെ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റിൽ കേരളം പൂർണ്ണമായി അവഗണിക്കപ്പെട്ടിരിക്കുന്നതിനാലും പെനിൻസുലർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, സബർബൻ റെയിൽ, അങ്കമാലി-ശബരി റെയിൽപ്പാത തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ അവഗണിക്കപ്പെട്ടതിനാലും റെയിൽവേ ബഡ്ജറ്റ് തയ്യാറാക്കിയതിനുശേഷം നിവേദനം നൽകിയ സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുമൂലവും ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒരു റെയിൽവേ ബഡ്ജറ്റിലും സംസ്ഥാനത്തിന് ഇത്രയും അവഗണന ഉണ്ടായിട്ടില്ല. അത് സംസ്ഥാന ഗവൺമെന്റിന്റെ വീഴ്ചകൊണ്ടാണെന്ന് ആരോപിച്ചിരിക്കുന്ന സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ജനങ്ങൾ അറിയണം. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിന് സർക്കാർ തയ്യാറാണ്. ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടശേഷം ഈ വിഷയം ചർച്ചയ്ക്കെടുക്കാം.

## ശ്രദ്ധക്ഷണിക്കൽ

### (1) സ്ഥിരം സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ശിവദാസൻ നായർ: അന്തർസംസ്ഥാന നദീജലത്തർക്കം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും സംസ്ഥാന താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ അവ പരിഹരിക്കുന്നതിനും കഴിയാത്ത സാഹചര്യമാണുള്ളത്. ഓരോ ഡിപ്പാർട്ടുമെന്റിലെയും ഉന്നത ഉദ്യോഗസ്ഥരാണ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഇക്കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് തർക്കവിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും നിയമോപദേശം

നൽകുന്നതിനുംവേണ്ടിയുള്ള ഒരു സ്ഥിരം സമിതിക്ക് രൂപം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിന് വിദഗ്ദ്ധർ ഉൾപ്പെട്ട ഇന്റർ സ്റ്റേറ്റ് വാട്ടർ അഡ്വൈസറി കമ്മിറ്റിയും മുല്ലപ്പെരിയാർ വിഷയത്തിൽ ഉപദേശം നൽകുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് റിട്ടയേർഡ് മെമ്പർ ശ്രീ. എം. കെ. പരമേശ്വരൻ നായർ ചെയർമാനായ മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും പ്രവർത്തിക്കുന്നുണ്ട്. അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ജലസേചനവും ഭരണവിഭാഗവും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗവും പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ മേൽനോട്ടത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷനും പ്രവർത്തിക്കുന്നുണ്ട്. അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളുടെ സുഗമമായ നടത്തിപ്പിനായി ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള കാവേരി സെൽ ഡൽഹിയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന് അവകാശപ്പെട്ട ജലസ്രോതസ്സുകൾ

നഷ്ടപ്പെടാതിരിക്കാനും ജലം അനധികൃതമായി തിരിച്ചുവിടുന്നത് തടയുന്നതിനുമായി റിവർ ബേസിനുകൾ കേന്ദ്രീകരിച്ച് ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു ഉന്നതതല സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണിക്കുന്നതാണ്.

## (2) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: 1991-ൽ പ്രവർത്തനമാരംഭിച്ച കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പ്രസ്തുത ബോർഡിൽ ഇപ്പോൾ പതിനേഴ് ലക്ഷത്തോളം പേർ അംഗത്വം നേടിയിട്ടുണ്ട്. ബോർഡിൽ നിന്നും പെൻഷൻ പറ്റിയവരുടെ ആനുകൂല്യം കുടിശ്ശികയായിരിക്കുകയാണ്. ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് 192 കോടി രൂപ ആവശ്യമുണ്ട്. ഈ സർക്കാർ യാതൊരു ധനസഹായവും അനുവദിക്കാത്തതും നിയമാനുസൃതമായി ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് നിഷേധിച്ചിരിക്കുന്നതും പ്രതിഷേധാർഹമാണ്. ബോർഡിന്റെ സ്ഥിതി

സംബന്ധിച്ച് കർഷകത്തൊഴിലാളി സംഘടനകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. തൊഴിലാളി വിഹിതം പത്തുരൂപയായി വർദ്ധിപ്പിക്കുന്നതിനും ഭൂവുടമ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കശുവണ്ടി തൊഴിലാളികളുടെയും നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെയും പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സ്കാറ്റേർഡ് തൊഴിലാളികളുടെ സംരക്ഷണത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും തൊഴിലാളികളുടെ രജിസ്ട്രേഷൻ ലാപ്സാകുന്ന അവസരത്തിൽ അത് റീ-ഇൻസ്റ്റേറ്റ് ചെയ്ത് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ച് സെൻട്രൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് വരുമാനം കുറവും ചെലവ് കൂടുതലുമാണ്. എങ്കിലും സെൻട്രൽ യൂണിയനുകളുടെ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ

തേടുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. തൊഴിലാളി-ഭ്രവുടമ വിഹിതം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അമെന്റ്മെന്റ് തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. തൊഴിലാളി യൂണിയനുകളുടെ കൺസെൻസസോടുകൂടി ഇക്കാര്യങ്ങളിൽ മുന്നോട്ടുപോകുന്നതാണ്. ബോർഡിന്റെ കുറഞ്ഞ വരവും കൂടിയ ചെലവും മുന്നിൽ കണ്ടുകൊണ്ടുള്ള റിസോഴ്സ് വച്ച് വർദ്ധിച്ച പെൻഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നുമാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക ഉടൻ നൽകുന്നതാണ്. നഷ്ടപ്പെട്ട അംഗത്വം തിരികെ നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

**<u>അറിയിപ്പ്</u>**

## <u>നിയമസഭാ ചട്ടം താൽക്കാലികമായി റദ്ദ് ചെയ്യൽ</u>

ഫിനാൻസ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷം അടിയന്തരപ്രമേയം രണ്ട് മണിക്കൂർ ചർച്ച ചെയ്യുന്നതിനാൽ നിയമസഭാ ചട്ടം 55 സഭയുടെ അനുമതിയോടെ താൽക്കാലികമായി റദ്ദ് ചെയ്യുന്നതായി സ്പീക്കർ സഭയെ അറിയിച്ചു.

## സബ്മിഷൻ

### (1) ഐ.റ്റി.പാർക്കും AIIMS-ഉം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ: കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിരുന്ന ഐ.റ്റി പാർക്കും കേന്ദ്രസർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള AIIMS- ഉം പുറക്കാട് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ സ്ഥലത്ത് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എല്ലാ സംസ്ഥാനത്തും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇരുന്നൂറ് ഏക്കർ സ്ഥലം, റോഡ്, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കിക്കൊണ്ടുള്ളതും വേറൊരു സ്ഥാപനവുമായി ബന്ധപ്പെട്ടതാകാൻ പാടില്ലാത്തതുമായ മൂന്നുനാല് സ്ഥലങ്ങൾ നിർദ്ദേശിക്കാനാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. മിക്ക ജില്ലകളിൽനിന്നും നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ പരിഗണിക്കുന്ന അവസരത്തിൽ പുറക്കാടിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

## (2) തൊഴിൽ -വിദ്യാഭ്യാസ സംവരണാനുകൂല്യം

ശ്രീ. കെ. മുരളീധരൻ: സാങ്കേതിക കാരണങ്ങളാൽ വെള്ളാള സമുദായത്തിന് നഷ്ടപ്പെട്ട തൊഴിൽ-വിദ്യാഭ്യാസ സംവരണാനുകൂല്യങ്ങൾ പുന:സ്ഥാപിച്ചു നൽകുന്നതിനും സമുദായാംഗമായ പി. എസ്. നടരാജ പിള്ള സ്മാരക ഫൗണ്ടേഷന് അനുവദിച്ച അഞ്ച് സെന്റ് സ്ഥലം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വെള്ളാള സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തുന്നതിന് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിയോഗിച്ച കിർത്താഡ്സ് സമർപ്പിച്ച റിപ്പോർട്ടിന്റെയും കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിന്റെ അന്തിമ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വെള്ളാള സമുദായം ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടാൻ അർഹമാണെന്ന് തെളിയുകയാണെങ്കിൽ മാത്രമേ പ്രസ്തുത സമുദായത്തെ ഒ.ബി.സി.-എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഈ വിഭാഗത്തിന് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന കാര്യം പ്രത്യേകം പരിശോധിച്ചുവരികയാണ്. പി.എസ്. നടരാജ പിള്ളയുടെ സ്മാരകം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി

റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ തീരുമാനമെടുക്കുന്നതാണ്.

## (3) പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ നഗരൂരിൽ ഈ സാമ്പത്തിക വർഷംതന്നെ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആറ്റിങ്ങൽ, കിളിമാനൂർ, കല്ലമ്പലം പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി വിഭജിച്ച് ആലംകോട്, കരവാരം വില്ലേജുകൾ ഭാഗികമായും നഗരൂർ, കൊടുവഴന്നൂർ, വെള്ളല്ലൂർ വില്ലേജുകൾ പൂർണ്ണമായും ഉൾപ്പെടുത്തി നഗരൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്നും 52 പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നും അതിനായി ഒരു കോടിയിലധികം രൂപ ശമ്പളച്ചെലവിനും 12 ലക്ഷത്തോളം രൂപ അനാവർത്തന ചെലവിനും അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അധിക തസ്തിക അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാനായി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (4) ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: ടെക്സ്റ്റൈൽ ഐ.ആർ.സി. തീരുമാനങ്ങളും ജീവിത സൂചിക പുനർനിർണ്ണയ കമ്മിറ്റി തീരുമാനങ്ങളും നടപ്പിലാക്കി ടെക്സ്റ്റൈൽ വ്യവസായവും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): ടെക്സ്റ്റൈൽ മേഖലയിൽ 2015 ആഗസ്റ്റ് മാസം വരെ ലോംഗ് ടേം എഗ്രിമെന്റ് നിലനിൽക്കുന്നുണ്ട്. ഇന്നത്തെ ജീവിത സാഹചര്യം കണക്കിലെടുത്ത് ടെക്സ്റ്റൈൽ ഐ.ആർ.സി. പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്ത് വർദ്ധനവ് വരുത്തുന്നതിനുള്ള തീരുമാനമെടുക്കുകയും പ്രൊഡക്ടിവിറ്റി വർദ്ധനവ് തീരുമാനിച്ചിടത്തെല്ലാം ഐ.ആർ.സി. തീരുമാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൊഡക്ടിവിറ്റി വർദ്ധനവിൽ ധാരണയുണ്ടാക്കുമ്പോൾ അതനുസരിച്ചുള്ള വർദ്ധനവ് നടപ്പിലാക്കുന്നതാണ്. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിന്റെ പുതിയ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്റെ ലിങ്കിംഗ് ഫാക്ട് വരുന്നമുറയ്ക്ക് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## (5) പട്ടയം ലഭ്യമാക്കൽ

ചീഫ് വിപ്പ് (<u>ശ്രീ. പി.സി. ജോർജ്</u>): പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ

തീക്കോയി, കൂട്ടിക്കൽ വില്ലേജുകളിലെ വഴിക്കടവ് മേഖലയിലെയും എരുമേലി, കോരുത്തോട്, മുണ്ടക്കയം പഞ്ചായത്തുകളിൽപ്പെട്ട കണമല, പമ്പാവാലി, എയ്ഞ്ചൽവാലി മേഖലയിലെയും കർഷകർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എരുമേലി, മണിമല വില്ലേജുകളിലെയും ആലത്തറ, മുണ്ടക്കയം, കോരുത്തോട്, തീക്കോയി പഞ്ചായത്തുകളിലെയും കർഷകർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, പൂഞ്ഞാർ നടുഭാഗം വില്ലേജുകളിലും വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട മിച്ചഭൂമി, bought-in-land എന്നിവ കയ്യേറി താമസിക്കുന്ന 98 കുടുംബങ്ങൾക്ക് പരമാവധി ഒരേക്കർ ഭൂമിവീതം പതിച്ചു നൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ശുപാർശ പരിശോധിച്ചുവരികയാണ്. പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

## (6) ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്

ശ്രീ. എം. പി. വിൻസെന്റ്: ഇലക്ട്രോണിക് മാലിന്യങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് പരിസ്ഥിതിക്ക് വെല്ലുവിളിയും ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങളും

സൃഷ്ടിക്കുന്ന സാഹചര്യത്തിൽ 2011-ൽ നിലവിൽ വന്ന ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ് ലിംഗ് റൂൾസ് നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സമഗ്രമായ ഇ-വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഉല്പാദകർ തന്നെ ഇ-വേസ്റ്റ് തിരിച്ചെടുത്ത് നശിപ്പിക്കണമെന്നാണ് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും അതിനുള്ള സൗകര്യം കേരളത്തിൽ കുറവാണ്. ഇ-വേസ്റ്റ് ശേഖരിക്കാനും കയറ്റി അയയ്ക്കാനുമുള്ള ഏജൻസികൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ് നൽകിവരികയാണ്. സി.എഫ്.എൽ., ട്യൂബ് ലൈറ്റ്, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങി പരിസ്ഥിതിക്ക് അപകടം വരുത്തുന്ന ഇ-വേസ്റ്റുകൾ നശിപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## (7) ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ

ശ്രീ. എം. ഉമ്മർ: സംസ്ഥാനത്ത് നിലനിൽക്കുന്നതും വംശനാശം സംഭവിച്ചതുമായ ജൈവസമ്പത്തിനെക്കുറിച്ചും പ്രകൃതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ സംബന്ധിച്ചുമുള്ള സമഗ്ര വിവര ശേഖരണമായ

ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തദ്ദേശഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ദേശീയതലത്തിൽ നാഷണൽ ബയോ ഡൈവേഴ്സിറ്റി അതോറിറ്റിയും ജൈവ വൈവിധ്യ പരിപാലന സമിതികളും സംസ്ഥാന തലത്തിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡും നിലവിലുണ്ട്. പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററിൽ ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ആദ്യ ഘട്ടമായി ഓരോ പ്രദേശത്തെയും ജൈവ വൈവിധ്യം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവാസ വ്യവസ്ഥയുടെ പരിപാലനം, നാടൻ കൃഷിയിനങ്ങൾ, വിത്തിനങ്ങൾ, കന്നുകാലികൾ, സൂക്ഷ്മാണുക്കൾ എന്നിവയുടെ സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ജനകീയ വൈവിധ്യ രജിസ്റ്ററുകൾ എല്ലാ പഞ്ചായത്തുകളിലും വേണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജൈവ വൈവിധ്യ പരിപാലന സമിതിയോട് പ്രസ്തുത പി.ബി.ആർ. മൂന്ന് വർഷ കാലാവധിക്കുള്ളിൽ പൂർത്തിയാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിലും 60

മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ ബി.എം.സി. രൂപീകരിച്ചിട്ടുണ്ട്. 2014 ജൂൺ മാസം വരെ 668 ഗ്രാമപഞ്ചായത്തുകളിലും ഏഴ് മുനിസിപ്പാലിറ്റികളിലും പി.ബി.ആർ. തയ്യാറാക്കി സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

## (8) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സും ബസ് ടെർമിനലും

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം അട്ടക്കുളങ്ങരയിലുള്ള ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ ഇടിച്ചുനിരത്തി ഷോപ്പിംഗ് കോംപ്ലക്സും കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലും നിർമ്മിക്കാനുള്ള തീരുമാനം റദ്ദാക്കി പ്രസ്തുത സ്കൂളിൽ പ്ലസ് ടു ബാച്ചും കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തി ആധുനിക വിദ്യാലയമാക്കി ഉയർത്തുന്നതിനും കിഴക്കേകോട്ടയുടെ വികസനത്തിന് മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കിഴക്കേകോട്ടയിൽ നിരന്തരമുണ്ടാകുന്ന അപകടമരണങ്ങൾ മൂലമാണ് അട്ടക്കുളങ്ങര സ്കൂൾ കോമ്പൗണ്ടിൽ ബസ് ടെർമിനൽ സ്ഥാപിക്കണമെന്ന ആശയം ഉണ്ടായത്. ബസ് ബേയായും കാൽനടയാത്രക്കാർക്ക് സഞ്ചരിക്കുന്നതിനും യാത്രക്കാരെ കയറ്റുന്നതിനും ഒരേ

റോഡാണ് ഉപയോഗിക്കുന്നത്. പുതിയ ബസ് ടെർമിനൽ സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം സംബന്ധിച്ച് മേയർ, സ്ഥലം കൗൺസിലർ, രാഷ്ട്രീയ പ്രതിനിധികൾ, പി.ടി.എ. പ്രതിനിധികൾ എന്നിവരുടെ യോഗത്തിൽ അഭിപ്രായ സമന്വയമുണ്ടാക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി 5.5 ഏക്കർ ഭൂമിയിൽ രണ്ടേക്കർ സ്ഥലം സെന്റ് ഒന്നിന് നൂറ് രൂപ പാട്ടനിരക്കിൽ മുപ്പത് വർഷത്തേയ്ക്ക് അനുവദിച്ച് നൽകുകയാണുണ്ടായത്. രണ്ട് ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും ആദ്യ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന സ്ഥലത്തെ കെട്ടിടങ്ങൾ മാത്രമേ പൊളിച്ചുമാറ്റാവൂ എന്നും പൊളിച്ചുമാറ്റുന്ന കെട്ടിടത്തിനുപകരം സ്കൂളിന്റെ കൈവശം ബാക്കിയുള്ള സ്ഥലത്ത് പത്ത് ക്ലാസ് റൂമുകൾ ട്രിഡയുടെ സ്വന്തം ചെലവിൽ നിർമ്മിച്ച് നൽകേണ്ടതാണെന്നും സ്കൂൾ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കരുതെന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ട്രിഡയ്ക്ക് കൈമാറിയ സ്ഥലത്തല്ല സ്കൂൾ പ്രവർത്തിക്കുന്നത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുമാത്രമേ മരങ്ങൾ മുറിച്ചുമാറ്റുകയുള്ളൂ. ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിനും സ്കൂളിനും ഇടയ്ക്ക് കോമ്പൗണ്ട് വാൾ പണിയുന്നതാണ്. ട്രിഡ ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത സ്ഥിതിക്ക്

സ്കൂളിന്റെ പ്രവർത്തനത്തിന് തടസ്സങ്ങളൊന്നും തന്നെയില്ല.

## (9) പ്രവൃത്തി ദിവസങ്ങൾ അഞ്ചാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി ദിനങ്ങൾ അഞ്ചാക്കി പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലബ്ബാ കമ്മിറ്റി റിപ്പോർട്ട് പ്രകാരം നിലവിലെ പഠന സമയത്തിൽ കുറവ് വരാതെ ആറ് ദിവസത്തെ പ്രവൃത്തി ദിനം അഞ്ചാക്കി ക്രമീകരിച്ച് പ്രാബല്യത്തിൽ വരികയുണ്ടായി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് അഞ്ച് ദിവസത്തെ പ്രവൃത്തി ദിനം പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ നിലവിലുള്ള അദ്ധ്യാപന സമയത്തിൽ കുറവ് വരുത്താതെ ആഴ്ചയിൽ ആറ് ദിവസം അദ്ധ്യയനം നടക്കത്തക്ക രീതിയിൽ ഇപ്പോഴത്തെ അവസ്ഥതന്നെ തുടരേണ്ടതാണെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. നിലവിലെ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന 43 മണിക്കൂർ പഠന സമയം അഞ്ച് ദിവസത്തിനുള്ളിൽ കണ്ടെത്താൻ അസാധ്യമാണെങ്കിലും പാഠ്യപദ്ധതി പരിഷ്കരിക്കുന്ന മുറയ്ക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും

പ്രവൃത്തി ദിനം അഞ്ചാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## (10) വനിതകൾക്ക് പ്രവേശനം നിഷേധിച്ചതു സംബന്ധിച്ച്

ശ്രീമതി കെ. കെ. ലതിക: കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ ഓഫീസിൽ വനിതകൾക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് ഇറക്കിയ ഉത്തരവ് പിൻവലിച്ച് വൈസ് ചാൻസിലർക്കെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസിലറുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (11) ഹോമിയോ ഡിസ്പെൻസറി

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഹോമിയോ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ മങ്കട ഗ്രാമപഞ്ചായത്തും

ഉൾപ്പെടുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (12) അവയവദാനം

ശ്രീ. സാജു പോൾ: അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മസ്തിഷ്ക മരണ അവയവദാന പദ്ധതി കഴിഞ്ഞ ആഗസ്റ്റ് മാസം 2-ാം തീയതി ആരംഭിക്കുകയും പ്രസ്തുത പദ്ധതിക്ക് പ്രാധാന്യം നൽകി വരികയുമാണ്. മരണം സംഭവിച്ചശേഷം അവയവ ദാനത്തിന് ബന്ധുക്കൾ വിമുഖത കാണിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച മൃതസഞ്ജീവനി പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുകയും മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ മേഖലയിൽ ഉൾപ്പെടെ മസ്തിഷ്ക മരണാനന്തരം അവയവം ദാനംചെയ്യാൻ ആഗ്രഹിക്കുന്ന ബന്ധുക്കളെ നേരിൽക്കണ്ട് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ എട്ട് ആശുപത്രികളിൽ കിഡ്നി

ട്രാൻസ്പ്ലാന്റേഷൻ സർക്കാർ മേഖലയിൽ നടന്നുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയാ സംവിധാനം ആരംഭിക്കുന്നതിനുള്ള യൂണിറ്റ് രൂപീകരിച്ച് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജീവിച്ചിരിക്കുന്ന വ്യക്തികൾക്ക് അവയവം ദാനം ചെയ്യുന്നതിനായി എല്ലാ മെഡിക്കൽ കോളേജുകളിലും ആതറൈസേഷൻ കമ്മിറ്റിയും സംസ്ഥാനതലത്തിൽ അപ്പീൽ കമ്മിറ്റിയും നിലവിലുണ്ട്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് വിദഗ്ദ്ധ ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (13) പാരമ്പര്യ സിദ്ധ വൈദ്യൻമാർക്ക് ചികിത്സാനുമതി

ശ്രീ. എ. റ്റി. ജോർജ്: പാരമ്പര്യ സിദ്ധ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വൈദ്യൻമാർക്ക് ചികിത്സ നടത്തുന്നതിന് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഭാരതീയ ചികിത്സാ രീതിയനുസരിച്ച് ഒരു ചികിത്സകൻ ആകുന്നതിന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ അനിവാര്യമാണ്. നിയമപ്രകാരം അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർക്ക് മാത്രമേ പ്രസ്തുത കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ.

ഇപ്രകാരമുള്ള രജിസ്ട്രേഷനിൽനിന്ന് ഒഴിവാക്കണമെന്ന് പാരമ്പര്യ വൈദ്യൻമാരും അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഹോമിയോ പ്രാക്ടീഷണർമാരും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 4-6-2009-ലെ ഉത്തരവ് പ്രകാരം ഇളവ് നൽകിയെങ്കിലും കേന്ദ്ര നിയമങ്ങൾക്കെതിരായ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ സർക്കാരിനോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ ചികിത്സാനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

### (14) ജില്ലാ ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. അജിത്: വൈക്കം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): വൈക്കം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി VIII-ന്റെ "മദ്യാസക്തിക്കും മയക്കുമരുന്നിനുമെതിരെ വിവിധ

സർക്കാർ വകുപ്പുകൾ മുഖേന നടപ്പാക്കേണ്ട ബോധവത്കരണ/പ്രചരണ പരിപാടികൾ" സംബന്ധിച്ച റിപ്പോർട്ടും 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തിനാല് മുതൽ എഴുപത്തിനാല് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണം

### 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ )ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2014-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-15 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പ്രകാരം ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനകാര്യ നിർദ്ദേശങ്ങൾക്കായി ചില ആക്ടുകൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നത്. 1985-ലെ കേരള താത്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്ട് അനുസരിച്ച് പ്രസ്തുത ബില്ലുകളുടെ വ്യവസ്ഥകൾക്ക് 01-04-2014 മുതൽ പ്രാബല്യമുണ്ടായിരിക്കും.

പ്രൊഫ. സി. രവീന്ദ്രനാഥ്: 2014-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ: 2014-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 2014-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി പ്രതിസന്ധിയിലാണ്. ആദ്യ മൂന്നുമാസത്തെ

കണക്കെടുത്താൽ മൊത്തം നികുതി വരുമാനത്തിൽ 10 ശതമാനത്തിന്റെ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളുവെന്ന് മനസ്സിലാക്കാൻ സാധിക്കും. റവന്യൂ വരുമാനത്തിൽ 32 ശതമാനത്തിന്റെ വർദ്ധനവുണ്ടായാൽ മാത്രമേ ബഡ്ജറ്റിലെ ലക്ഷ്യം കൈവരിക്കുന്നതിന് സാധിക്കുകയുള്ളൂ. കോഴികളുടെ വിൽപ്പനയുമായി ബന്ധപ്പെട്ടുനടക്കുന്ന നികുതിവെട്ടിപ്പിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. റീ-രജിസ്റ്റർ ചെയ്യുന്ന ടാക്സികൾക്ക് അഞ്ചുവർഷത്തെ നികുതി ഒരുമിച്ചടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കണം. പുഷ്ബാക്ക് സീറ്റുള്ള ടൂറിസ്റ്റ് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി വർദ്ധനവിൽ മാറ്റം വരുത്തണം. പോലീസ് ക്യാന്റീനുകളിൽ സി.എസ്.പി. അംഗീകാരമുള്ള ഡീലർമാരിൽനിന്നും വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമേ നികുതിയിളവ് അനുവദിക്കുവെന്ന നിബന്ധന പിൻവലിക്കണം. കൊച്ചി മെട്രോയ്ക്ക് നികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും ടെക്സ്റ്റൈൽസ് സ്ഥാപനങ്ങളുടെമേൽ ഏർപ്പെടുത്തിയ ടേണോവർ ടാക്സും ക്രഷർ യൂണിറ്റുകൾക്ക് ചുമത്തിയിട്ടുള്ള നികുതിയും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. ബേക്കറികൾക്ക് അനുവദിച്ചിട്ടുള്ള അഞ്ച് ശതമാനം നികുതി ഇളവിന് മുൻകാല പ്രാബല്യം നൽകുകയും നികുതിച്ചോർച്ച തടയുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. വി. ഡി. സതീശൻ: നികുതി വർദ്ധനവിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി പഠനം നടത്താതെയാണ് നികുതി വർദ്ധിപ്പിക്കുന്നത്. നികുതിപ്പണം സ്വരൂപിക്കാനായി ടാക്സേഷൻ നെറ്റ്വർക്ക് വർദ്ധിപ്പിക്കുന്നതിനുപകരം ദുർബല മേഖലകളിൽ നികുതി വർദ്ധന വരുത്തുന്നത് അശാസ്ത്രീയമാണ്. ശാസ്ത്രീയ അടിത്തറയില്ലാതെ മോട്ടോർ വാഹന നികുതി കുത്തനെ വർദ്ധിപ്പിച്ച നടപടിയും റീ-രജിസ്റ്റർ ചെയ്യുന്ന ടാക്സികൾ അഞ്ച് വർഷത്തെ നികുതി ഒരുമിച്ചടയ്ക്കണമെന്ന നിബന്ധനയും പിൻവലിക്കണം. ടെക്സ്റ്റൈൽസ് മേഖലയിൽ ഏർപ്പെടുത്തിയ രണ്ട് ശതമാനം ടേണോവർ ടാക്സ് നികുതി വെട്ടിപ്പിന് പ്രേരണ നൽകുമെന്നതിനാൽ നിരക്ക് കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പുതിയ ടാക്സ് മേഖലകൾ കണ്ടുപിടിക്കാൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും സർവ്വീസ് സെക്ടറിൽ കൂടുതൽ നികുതി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ആംഡ് ഫോഴ്സസ്/ പോലീസ് ക്യാന്റീനുകളിലൂടെ വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് നികുതി ഏർപ്പെടുത്താനുള്ള തീരുമാനം പുന:പരിശോധിക്കണം. ലോട്ടറിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയും സമ്മാനഘടനയിൽ മാറ്റം വരുത്തുകയും ചെയ്യണം. നികുതി ചോർച്ച തടയാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. നികുതി പിരിവിലെ അശാസ്ത്രീയതയും നികുതി നിർണ്ണയത്തിലെ പിഴവുകളുംമൂലം ധനകാര്യ രംഗത്ത് ഭരണസ്തംഭനമുണ്ടായിരിക്കുകയാണ്. സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കണം. ക്ഷേമപെൻഷനുകൾ സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ഇടുക്കി പാക്കേജ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ലെന്നു മാത്രമല്ല അർഹരായ വിദ്യാർത്ഥികളെ പിന്നോട്ടടിക്കുന്ന തീരുമാനം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൈക്കൊണ്ടിരിക്കുകയുമാണ്. കാർഷിക വായ്പ എഴുതിത്തള്ളിയ കർഷകരുടെ ഡോക്യുമെന്റ്സ് തിരികെ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. നികുതി പിരിവുമായി ബന്ധപ്പെട്ട് 'കർവി' എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഇടപെടലിനെക്കുറിച്ച് പരിശോധിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ഭരണച്ചെലവ് കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താനും ആരോഗ്യമേഖലയിലെ അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. കാലഘട്ടത്തിനനുസൃതമായി സാമ്പത്തിക വളർച്ചയുണ്ടാക്കാനും വികസനത്തിന്റെ കാര്യത്തിൽ നിശ്ചയദാർഢ്യം പ്രകടിപ്പിക്കാനും സർക്കാർ തയ്യാറാകണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധനകാര്യബില്ലുകളെ എതിർക്കുന്നു. ജനദ്രോഹകരമായിട്ടുള്ള നികുതി നിർദ്ദേശങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഖാദി-കൈത്തറി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയ ടേണോവർ ടാക്സ് പിൻവലിക്കണം. നികുതി പിരിവ് കർശനമാക്കി വരുമാനം വർദ്ധിപ്പിക്കാനും നികുതി വെട്ടിപ്പ് തടയാനും നടപടി സ്വീകരിക്കണം. മികവ് പുലർത്തുന്ന ഉദ്യോഗസ്ഥരെ മാനദണ്ഡമില്ലാതെ സ്ഥലംമാറ്റുന്ന നടപടി പ്രതിഷേധാർഹമാണ്. ധനകാര്യ മാനേജ്മെന്റ് രംഗത്ത് പ്രൊഫഷണലിസം കാര്യക്ഷമമായി നടപ്പിലാക്കണം. അശാസ്ത്രീയമായ രീതിയിൽ വാഹനനികുതി ഏർപ്പെടുത്തിയതിനെക്കുറിച്ച് പരിശോധിക്കണം. ചെക്കുപോസ്റ്റുകളെ അഴിമതി വിമുക്തമാക്കുന്നതിനും വാളയാർ ചെക്ക്പോസ്റ്റ് വഴിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ധനകാര്യബില്ലുകളെ അനുകൂലിക്കുന്നു. ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ ശാസ്ത്രീയമായ രീതിയിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അസറ്റ് ഡവലപ്മെന്റ് ഫണ്ട് 10 ലക്ഷം രൂപയായി കുറയ്ക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി.യെ ഏൽപ്പിക്കാനും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം കേന്ദ്രത്തിൽനിന്നും ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. റബ്ബർ തടിക്ക് ന്യായമായ വില ലഭ്യമാക്കാനും റബ്ബർ കർഷകരെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കാനും നടപടിയുണ്ടാകണം. കേരളത്തിന്റെ വികസന കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാൻ കക്ഷിഭേദമെന്യേ കൂട്ടായ പ്രയത്നം ആവശ്യമാണ്.

ശ്രീ. വി. റ്റി. ബൽറാം: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് ദേശീയ വളർച്ചാ നിരക്കിനേക്കാൾ വളരെ മുന്നിലാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സേവന മേഖലയടക്കമുള്ള മേഖലകളെ പ്രയോജനപ്പെടുത്തി കൂടുതൽ നികുതി വരുമാനം ലഭ്യമാക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പാക്കണം.

വികസനോന്മുഖ പ്രവർത്തനങ്ങൾക്കുള്ള ചെലവ് വെട്ടിക്കുറയ്ക്കാത്ത രീതിയിൽ വരുമാനം വർദ്ധിപ്പിക്കണം. നികുതി ഘടന ലളിതമാക്കാനും കാരുണ്യ ലോട്ടറി പോലുള്ള ധനസഹായ പദ്ധതികൾ പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ രംഗത്ത് ടേൺ ഓവറിനനുസരിച്ച് ടാക്സ് ഏർപ്പെടുത്താനും നികുതി ഭാരം അടിച്ചേൽപ്പിക്കാതെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നികുതി വെട്ടിപ്പ് തടയാനും ഉൽപ്പാദനപരമായ ചെലവുകൾക്ക് കൂടുതൽ പണം കണ്ടെത്താനും നടപടി സ്വീകരിക്കണം.

ഡോ. കെ. ടി. ജലീൽ: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. വിഭവ സമാഹരണത്തിനായി മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും അപ്രായോഗികവും അശാസ്ത്രീയവുമാണ്. വികസന പ്രവർത്തനങ്ങൾക്കായി പണം ചെലവഴിക്കുന്ന കാര്യത്തിൽ മുൻഗണനയുണ്ടാകണം. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്ത കാര്യങ്ങൾക്ക് പണം ചെലവഴിക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലുമുള്ള അശാസ്ത്രീയത പരിഹരിക്കണം. ഭീമമായ നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

മുനിസിപ്പാലിറ്റികളുടെ പരിധിയിൽ വരുന്ന വസ്തുകൈമാറ്റത്തിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഏഴ് ശതമാനത്തിൽനിന്ന് ആറായി കുറയ്ക്കാനും ഗ്രാമപഞ്ചായത്തുകളിലേത് അഞ്ച് ശതമാനത്തിൽനിന്ന് ആറായി ഉയർത്താനുമുള്ള നിർദ്ദേശം റിയൽ എസ്റ്റേറ്റ് മാഫിയകളെയും സമ്പന്നന്മാരേയും സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ്. വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക-വിദ്യാഭ്യാസ വായ്പകളുടെ മുദ്രവില പൂർണ്ണമായും ഒഴിവാക്കാനുള്ള തീരുമാനം വീട് നിർമ്മാണത്തിനായി അഞ്ച് ലക്ഷം രൂപ വരെ വായ്പയെടുക്കുന്നവർക്കുകൂടി ബാധകമാക്കണം. എ.ടി.എം., മൊബൈൽ ടവർ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലമുടമയുമായി ഉണ്ടാക്കുന്ന പ്രമാണങ്ങളും ഉടമ്പടികളും പുതുക്കുന്നതിന് യഥാക്രമം 2500, 5000 രൂപ നിരക്കിൽ പ്രതിവർഷം സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിനനുസൃതമായി ബില്ലിലെ വ്യവസ്ഥയിലും മാറ്റം വരുത്തണം. കെട്ടിട നികുതി നിരക്ക് വർദ്ധനവിൽനിന്നും 200 ചതുരശ്ര അടി വരെയുള്ള വാസഗൃഹങ്ങളെ ഒഴിവാക്കണം. സ്വകാര്യ സർവ്വീസ് വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി അടയ്ക്കുന്നതിനുള്ള വ്യവസ്ഥ കാലോചിതമായ ഭേദഗതിയോടെ പുന:സ്ഥാപിക്കുകയും ഒരു ലക്ഷത്തിൽ താഴെ വിലയുള്ള ഇറക്കുമതി ചെയ്യുതല്ലാത്ത മോട്ടോർ ബൈക്കുകൾക്കും അഞ്ച് ലക്ഷത്തിൽ താഴെ

വിലയുള്ള ഇറക്കുമതി ചെയ്യാത്തതല്ലാത്ത മോട്ടോർ കാറുകൾക്കും ഒറ്റത്തവണ നികുതി നിരക്കിൽ വരുത്തിയിരിക്കുന്ന വർദ്ധനവ് ഒഴിവാക്കുകയും ചെയ്യണം. മൂല്യവർദ്ധിത നികുതി നിയമത്തിന്റെ അഞ്ച് ശതമാനം നികുതിയുള്ള മൂന്നാം പട്ടികയിലെ ഏഴ്, എട്ട് ഇനങ്ങളിലായി ചേർത്തിരിക്കുന്ന ഉല്പന്നങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്കിടയിൽ ഉണ്ടായിരിക്കുന്ന ആശങ്കകൾക്ക് പരിഹാരമുണ്ടാക്കണം. വികസന കാഴ്ചപ്പാടോടുകൂടി ബഡ്ജറ്റ് നിർദ്ദേശങ്ങളെ പ്രാബല്യത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ച് മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ മേഖലാ വിതരണത്തിലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ തൃതീയ മേഖലയിൽനിന്നാണ് വരുമാനം കൂടുതലായി ഉണ്ടാകുന്നതെന്ന് കാണാൻ കഴിയും. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്വീകരിച്ച ലോട്ടറി പോളിസിയുടെ ഭാഗമായി സമൂഹത്തിലെ

ദുരിതമനുഭവിക്കുന്ന ക്യാൻസർ, ഹൃദ്രോഗം ബാധിച്ചവർ, ഡയാലിസിസിന് വിധേയരാകുന്നവർ തുടങ്ങിയവർക്ക് സഹായകരമായ കാരുണ്യ ബെനവലന്റ് ഫണ്ട് ആവിഷ്കരിക്കുകയും അത് രാജ്യത്തിനുതന്നെ മാതൃകയായി തീർന്നിരിക്കുകയുമാണ്. ജി.എസ്.ഡി.പി.യുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും അതിനാനുപാതികമായ വളർച്ച റവന്യൂ വരുമാനത്തിൽ ഉണ്ടാകുന്നില്ല. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നെറ്റ് വിപുലീകരിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീമതി കെ. എസ്. സലീഖ</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. റവന്യൂ കമ്മിയും പൊതുകടവും ക്രമാതീതമായി വർദ്ധിക്കുകയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം വന്നിരിക്കുകയുമാണ്. നികുതി പിരിച്ചെടുക്കലും വിഭവസമാഹരണവും കുറഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല നികുതി വെട്ടിപ്പ് തടയുന്നതിനുള്ള സംവിധാനങ്ങൾ പരാജയപ്പെട്ടിരിക്കുകയുമാണ്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരേണ്ടിയിരുന്ന ഫണ്ട് ന്യൂജനറേഷൻ ബാങ്കുകളിലേയ്ക്ക് പോകുന്നതിനുള്ള സാഹചര്യം ഈ സർക്കാർ സൃഷ്ടിച്ചു. വികസന പ്രതിസന്ധിയും

ഭരണ തകർച്ചയും സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. കേന്ദ്ര പദ്ധതികൾക്കായി ലഭ്യമായതും വാർഷിക പദ്ധതികൾക്കായി മാറ്റിവച്ചതുമായ തുകകൾ ചെലവഴിക്കാതെ കിടക്കുകയാണ്. ശമ്പളമുൾപ്പെടെയുള്ള ചെലവുകൾക്ക് കടമെടുക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പാവപ്പെട്ടവരുടെ മേൽ കെട്ടിവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വാഹന നികുതി അടയ്ക്കുന്നതിനുള്ള കാലാവധി അഞ്ച് വർഷമായി വർദ്ധിപ്പിച്ചത് പിൻവലിക്കുകയും സംസ്ഥാനത്തിന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണം. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം അഴിമതി വിരുദ്ധവും കാര്യക്ഷമവുമാക്കണം. പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുന്ന കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. വികസന കാര്യത്തിൽ സംസ്ഥാനത്തെ വളരെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള ഫൈനുകൾ കുറയ്ക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഒരേ സർവ്വേ നമ്പരിൽ സ്ഥിതിചെയ്യുന്ന വിവിധ സ്വഭാവമുള്ള ഭൂമികൾക്ക് വിവിധ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി

ച്ചമത്തുന്ന രീതിയിൽ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ഫെയർ വാല്യൂ വർദ്ധനവിന് നിശ്ചിത നിരക്ക് നിർണ്ണയിക്കുകയും വേണം. മൊബൈൽ ടവറുകൾ സ്ഥാപിക്കുമ്പോൾ സുരക്ഷാ നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവയിൽനിന്നുണ്ടാകുന്ന വരുമാനത്തിന്റെ നിശ്ചിത ശതമാനം കാലാകാലങ്ങളിലെ പരിശോധനകൾക്കും നഷ്ടപരിഹാരം നൽകുന്നതിനുമായി നീക്കിവയ്ക്കുന്നതിനും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് സ്ഥലം നൽകിയവർക്കുള്ള വാടക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കുടുംബശ്രീ യൂണിറ്റുകൾ, ചെറുകിട സംരംഭകർ എന്നിവർ എടുക്കുന്ന ബാങ്ക് വായ്പകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുകയും ടൂ-സ്റ്റാർ ഹോട്ടലുകൾക്കും അവയ്ക്ക് താഴെയുള്ളവയ്ക്കും ഏർപ്പെടുത്തിയ വിൽപ്പന നികുതി വർദ്ധനവ് പിൻവലിക്കുകയും ചെയ്യണം. ടാക്സിക്കാർക്ക് നികുതിയിളവ് നൽകുന്നതോടൊപ്പം സ്വർണ്ണക്കച്ചവടക്കാരുടെ പരാതികൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുകയും വേണം. കാരുണ്യ ബെനവലന്റ് സ്കീമിന്റെ ആനുകൂല്യങ്ങൾ വ്യാപിപ്പിക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നൂറു ദിന കർമ്മ പരിപാടി തുടരുന്നതിനും ഇക്കണോമിക് ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിനും അപ്പീൽ കേസ്സുകളിൽ കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വൈദ്യുതി മേഖല

അഭിമുഖീകരിക്കുന്ന പ്രതിസന്ധി നേരിടുന്നതിനായി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ നടപടികളുണ്ടാകണം. ഭൂഗർഭ ജലചൂഷണവും അനിയന്ത്രിതമായ മണൽ ഖനനവുംമൂലം ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുന്ന സാഹചര്യത്തിൽ ഇവ സംരക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കുകയും മഴവെള്ളം സംഭരിച്ച് കുടിവെള്ളമാക്കുന്നതിനുള്ള നിയമം കർശനമാക്കുകയും ചെയ്യണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സാമ്പത്തിക രംഗത്തെ പ്രതിസന്ധി ഭരണ സ്തംഭനത്തിലെത്തിയിരിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിക്കാത്തത് സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയാണ് കാണിക്കുന്നത്. ക്ഷേമ പെൻഷൻ കുടിശ്ശിക 1500 കോടി രൂപയായി വർദ്ധിക്കുകയും പൊതുകടം കൂടിയിരിക്കുകയുമാണ്. നികുതി ചോർച്ച പരിശോധിക്കുന്നതോടൊപ്പം ചെലവ് കുറയ്ക്കാതെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. കാരുണ്യ ബെനവലന്റ് സ്കീം മുഖേന ചികിത്സാ സഹായം നൽകുന്നത് അഭിനന്ദനീയമാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുന്നു. പരിമിത വിഭവ സാധ്യതയുടെയും കടബാധ്യതയുടെയും നടുവിൽ നിന്നുകൊണ്ട് വികസന

പദ്ധതികളും കാരുണ്യപ്രവർത്തനങ്ങളും നടത്തി വിദഗ്ധമായ ധനകാര്യ മാനേജ്മെന്റിലൂടെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വികസന പ്രവർത്തങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് വ്യത്യസ്ത സമീപനങ്ങളുണ്ടെങ്കിലും യോജിക്കാവുന്ന മേഖലകളിൽ യോജിച്ച് മുന്നോട്ടുപോയാൽ നേട്ടമുണ്ടാക്കാൻ സാധിക്കും. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ സാമ്പത്തിക വളർച്ച 12-ാം പഞ്ചവത്സര പദ്ധതിക്കാലത്തും നിലനിർത്താൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടായെങ്കിലും ചെലവ് വർദ്ധിച്ചതുകാരണം ബഡ്ജറ്റ് കമ്മി വർദ്ധിച്ചു. കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിക്കണമെന്നും നികുതി വിഭജനത്തിന് ശാസ്ത്രീയ മാനദണ്ഡങ്ങൾ നിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത് സ്വാഗതാർഹമാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതിച്ചെലവ് കുറയ്ക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. ചെക്ക് പോസ്റ്റുകൾ ആധുനികവത്കരിക്കുകയും വാളയാറിൽ ചെക്ക്പോസ്റ്റ് കോംപ്ലക്സ് പ്രാവർത്തികമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണം. ടാക്സികൾക്ക് ഏർപ്പെടുത്തിയ നികുതി ഒഴിവാക്കണം. ഇറാഖിലകപ്പെട്ട നഴ്സുമാരെ നാട്ടിലെത്തിക്കാൻ കേന്ദ്ര സംസ്ഥാന

ഗവൺമെന്റുകൾ നടത്തിയ പ്രയത്നം അഭിനന്ദനീയമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനകാര്യ ബില്ലുകളെ എതിർക്കുന്നു. സാധാരണക്കാരന്റെ നികുതി ബാധ്യത വർദ്ധിപ്പിക്കുന്ന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. നികുതി വർദ്ധിക്കുംതോറും ജനങ്ങളുടെ വാങ്ങൽശേഷി കുറഞ്ഞുവരികയാണ്. 2013 മാർച്ച് 31 വരെ നികുതിയിനത്തിൽ 12,243 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന അധികനികുതി പൂർണ്ണമായും പിൻവലിക്കണം. തൊഴിലില്ലായ്മ വർദ്ധിക്കുന്നതോടൊപ്പം ഉല്പാദനമേഖലയിലും വളർച്ചാനിരക്കിലും സംസ്ഥാനം പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ കാർഷിക, വ്യാവസായിക മേഖലകൾ തളരുകയാണ്. ട്രഷറി നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുകയും എല്ലാ സർക്കാർ ഇടപാടുകളും ട്രഷറി വഴിയാക്കുകയും വേണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നല്ല നിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയാണ്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ജി.എസ്.ഡി.പി. നിരക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. തൃശ്ശൂരിലെ തോംസൺ ഗ്രൂപ്പിൽനിന്ന് നികുതി

ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്ന എല്ലാവരെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2014-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## അടിയന്തരപ്രമേയ ചർച്ച

### റെയിൽവേ ബഡ്ജറ്റിലെ അവഗണന

(കേന്ദ്ര റയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിനെത്തുടർന്ന്

ഉളവായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം)

<u>ശ്രീ. എസ്. ശർമ്മ</u>: കേന്ദ്ര ഗവൺമെന്റിന്റെ റെയിൽവേ ബഡ്ജറ്റിൽ പുതിയ തീവണ്ടികളോ, പാത ഇരട്ടിപ്പിക്കലിനുള്ള ഫണ്ടോ, റെയിൽവേയുടെ വ്യവസായ പ്രോജക്ടുകളോ കേരളത്തിനുവേണ്ടി പ്രഖ്യാപിച്ചിട്ടില്ല. കേന്ദ്ര റെയിൽവേ ബഡ്ജറ്റുകളിൽ കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുന്നതിന് കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ സംയുക്തമായി ശ്രമം നടത്തണം. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കണം. റെയിൽവെ വികസനത്തിന് വിദേശ മൂലധന നിക്ഷേപം സ്വീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്നതാണ്. ഡീസൽ വിലയ്ക്ക് ആനുപാതികമായി യാത്രാക്കൂലി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശത്തിലൂടെ എല്ലാ മാസവും യാത്രാക്കൂലി വർദ്ധിക്കുന്ന സാഹചര്യം സംജാതമാകും. മംഗലാപുരം-തിരുനെൽവേലി കേന്ദ്രീകരിച്ച് പുതിയ റെയിൽവേ ഡിവിഷനുകൾ ആരംഭിക്കുന്നത് കേരളത്തെ ദോഷകരമായി ബാധിക്കും. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴ വാഗൺ ഫാക്ടറി, ചേർത്തലയിൽ ഓട്ടോകാസ്റ്റുമായി ചേർന്നുള്ള കോച്ച് ഫാക്ടറി,

തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ, കേരളത്തിന് സ്വന്തമായി റെയിൽവേ സോൺ, തിരുവനന്തപുരം റെയിൽവേ മെഡിക്കൽ കോളേജ്, കോട്ടയത്തും നേമത്തും കോച്ചിംഗ് ഡിപ്പോകൾ, പാലക്കാട് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ട്ലിംഗ് പ്ലാന്റ്, അങ്കമാലി-ശബരി, കണ്ണൂർ-മട്ടന്നൂർ റെയിൽപ്പാതകൾ, തലശ്ശേരി-മൈസൂർ, തിരൂർ-അങ്ങാടിപ്പുറം, ഇടപ്പള്ളി-ഗുരുവായൂർ പാതകളുടെ സർവ്വെ തുടങ്ങിയ മുൻ ബഡ്ജറ്റിലെ പ്രഖ്യാപിത പദ്ധതികൾക്കൊന്നും തുക വകയിരുത്തിയിട്ടില്ല. ഇൻഡ്യൻ റെയിൽവേയെ സ്വകാര്യവത്കരിക്കുന്നതിനും പരദേശി മൂലധനത്തിന് പണയംവച്ച് രാജ്യത്തെ കൊള്ളയടിക്കുന്നതിനുമുള്ള നീക്കമാണ് കേന്ദ്രസർക്കാർ നടത്തുന്നത്. രാജ്യത്തിന്റെ പരമാധികാരത്തിനും സ്വാതന്ത്ര്യത്തിനും നേരെയുള്ള വെല്ലുവിളിക്കെതിരെ ശക്തമായി പോരാടണം. ജാതി-മത-രാഷ്ട്രീയഭേദമെന്യേ ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേന്ദ്രസർക്കാരിന്റെ നിലപാട് പുന:പരിശോധിക്കണമെന്നും കേരളം ഇൻഡ്യയുടെ അവിഭാജ്യ ഘടകമാണെന്നും അർഹതപ്പെട്ടത് അനുവദിക്കണമെന്നും ആവശ്യപ്പെടണം.

<u>ശ്രീ. കെ. മുരളീധരൻ</u>: കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ ഇവിടെ

പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. കൊച്ചുവേളി റെയിൽവേ ടെർമിനലിന്റെ നവീകരണത്തിനായി അനുവദിച്ച 75 ലക്ഷം രൂപ അപര്യാപ്തമാണ്. നേമം മാർഷലിംഗ് യാർഡ്, റെയിൽപ്പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ ആവശ്യങ്ങളെല്ലാം അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ കേരളത്തിലെത്തുന്ന കേന്ദ്രമന്ത്രിമാരെ അതിഥികളായി സ്വീകരിക്കാൻ പാടില്ല. കേരളത്തിന് അർഹതപ്പെട്ടതെല്ലാം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ കക്ഷികൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ശ്രീ. എളമരം കരീം: റെയിൽവേയുടെ കാര്യത്തിൽ യു.പി.എ. സർക്കാരിന്റെ ബഡ്ജറ്റിലും കേരളത്തിന് കടുത്ത അവഗണനയായിരുന്നു. കേരളത്തിന്റെ ആവശ്യങ്ങൾ യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ചപറ്റിയോ എന്ന് പരിശോധിക്കണം. വൈദ്യുതീകരണം, പാത ഇരട്ടിപ്പിക്കൽ, പുതിയ കോച്ചുകൾ അനുവദിക്കൽ എന്നിവ ബഡ്ജറ്റിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നത് പ്രതിഷേധാർഹമാണ്. തിരുവനന്തപുരം, കോഴിക്കോട്

റെയിൽവേ സ്റ്റേഷനുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യാത്രക്കാർ കൂടുതലുള്ള സംസ്ഥാനം കേരളമാണെന്ന പരിഗണനപോലും നൽകിയിട്ടില്ല. 1951 -ൽ ദേശസാത്കരിക്കപ്പെട്ട ഇന്ത്യൻ റെയിൽവേയെ കോർപ്പറേറ്റുകൾക്ക് ഏൽപ്പിച്ചുകൊടുക്കാനുള്ള നീക്കമാണ് ബഡ്ജറ്റിലൂടെ പുറത്തുവന്നിരിക്കുന്നത്. പ്രസ്തുത നിലപാടിനെതിരെ കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഭരണ-പ്രതിപക്ഷഭേദമെന്യേയുള്ള പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി:</u> കേരളത്തോടുകാണിച്ച അവഗണനയ്ക്കെതിരെ ഭരണ-പ്രതിപക്ഷഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കണം. യാത്രക്കാർ കൂടുതലുള്ള സംസ്ഥാനമെന്ന പരിഗണനപോലും നൽകാതെ കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാടിനോട് യോജിക്കാൻ സാധിക്കില്ല. ആലപ്പുഴ-ചേർത്തല വാഗൺ ഫാക്ടറി, കഞ്ചിക്കോട് കോച്ച് ഫാക്ടറി എന്നിവയെപ്പറ്റി ബഡ്ജറ്റിൽ പരാമർശിക്കാതെ പോയത് പ്രതിഷേധാർഹമാണ്. ശബരി, ഷൊർണ്ണൂർ-നിലമ്പൂർ നിലമ്പൂർ-നഞ്ചൻകോട് പാതകൾ ഇരട്ടിപ്പിക്കുന്നതിന്

ബഡ്ജറ്റിലൂടെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ അനുവദിച്ചിട്ടുള്ള സ്റ്റോപ്പുകൾ നിർത്തലാക്കുന്നതിനെതിരെ ശക്തമായി ഇടപെടണം. കേരള സോണിന് ലഭിക്കേണ്ട കാര്യങ്ങൾ ലഭിക്കുന്നതിന് രാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി നിൽക്കണം. കേരളത്തിന് ഇന്റേണലായി ചെയ്യാൻ കഴിയുന്ന റെയിൽവേ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിനെതിരെ ശക്തമായി പ്രതിഷേധിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: കേന്ദ്ര സർക്കാർ റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ പൂർണ്ണമായും അവഗണിക്കുകയും പ്രതികാരബുദ്ധിയോടെയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. യാത്രാക്കൂലിയും ചരക്ക് കടത്തുകൂലിയും ബഡ്ജറ്റിനുമുമ്പുതന്നെ വർദ്ധിപ്പിച്ചു. പുതിയ റെയിൽ പാത, ട്രെയിൻ, വൈദ്യുതീകരണം, പാത ഇരട്ടിപ്പിക്കൽ തുടങ്ങിയ യാതൊന്നും അനുവദിച്ചിട്ടില്ല. യു.പി.എ. സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഓപ്പറേറ്റിംഗ് വിഭാഗം ഒഴികെയുള്ള മേഖലയിൽ വിദേശ നിക്ഷേപം തേടാനുള്ള തീരുമാനം റെയിൽവേയുടെ വസ്തുവകകൾ പൂർണ്ണമായും വിദേശ ശക്തികൾക്ക്

പണയപ്പെടുത്താനും രാജ്യം കീഴ്പ്പെടുത്താനുമുള്ള അവസരം ഒരുക്കിക്കൊടുക്കും. സ്വകാര്യ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും മറ്റും റെയിൽവേ സ്റ്റേഷനുകൾ അനുവദിച്ചുകൊടുക്കുന്നത് അവയുടെ പരിപൂർണ്ണമായ നിയന്ത്രണം അപകടകാരികളായ ശക്തികളുടെ കയ്യിലേയ്ക്ക് എത്തിക്കുന്നതിന് സാഹചര്യമൊരുക്കും. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരെ ശക്തമായി പ്രതിഷേധിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി നിലകൊള്ളണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: കേരളത്തെ പരിപൂർണ്ണമായി അവഗണിക്കുന്ന റെയിൽവേ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ഓരോ പ്രവർത്തനങ്ങളും കേരളത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന കേരളത്തോട് ഇത്രമാത്രം അവഗണനയുണ്ടായ കാലഘട്ടമുണ്ടായിട്ടില്ല. പാത ഇരട്ടിപ്പിക്കൽ, സർവ്വേ, വൈദ്യുതീകരണം, പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, പ്രത്യേക സോൺ, സബർബൻ പദ്ധതി എന്നിവയെല്ലാം അവഗണിക്കപ്പെട്ടു. താൽക്കാലികമായി അനുവദിച്ച സ്റ്റോപ്പുകൾ നിർത്തലാക്കുകയാണ്. യാത്രാക്കൂലി, ചരക്ക് കടത്തുകൂലി

എന്നിവയിൽ വർദ്ധനവ് ഏർപ്പെടുത്തി. റെയിൽവേയെ സ്വകാര്യരീതിയിലേയ്ക്കും വിദേശ ആധിപത്യത്തിലേയ്ക്കും കൊണ്ടുപോകുന്ന സമീപനത്തെ ന്യായീകരിക്കാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരെ സഭ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം.

ശ്രീ. സി. കെ. നാണു: റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിലുള്ള പ്രതിഷേധം കേരള നിയമസഭ ഒന്നടങ്കം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയാണ്. കേരളത്തിലെ എം.പി.മാരെ ഒറ്റക്കെട്ടായി അണിനിരത്തി സംസ്ഥാന താല്പര്യം നേടിയെടുക്കാനുള്ള ശക്തമായ പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിന്റെ റെയിൽവേ വികസനത്തിന് സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുള്ളത് ജനതാദൾ ഗവൺമെന്റ് ഇന്ത്യ ഭരിച്ചിരുന്ന കാലഘട്ടത്തിലാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച അനുവദിക്കാൻ തയ്യാറായി എന്നത് ഒരു മാറ്റത്തിന്റെ സൂചനയാണ്. ഇതിനുമുമ്പ് റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും കേരളത്തിലെ പാർലമെന്റ് അംഗങ്ങളും രാജ്യസഭാ അംഗങ്ങളും ഒറ്റക്കെട്ടായി ശബ്ദമുയർത്തിയെങ്കിലും പ്രയോജനമുണ്ടായില്ല.

കേന്ദ്ര ഗവൺമെന്റ് കാണിച്ച ക്രൂരമായ അവഗണന മാറ്റിയെടുക്കാൻ ഒറ്റക്കെട്ടായിനിന്ന് എന്ത് ചെയ്യാൻ കഴിയുമെന്ന നിർദ്ദേശമാണ് ഈ ചർച്ചയിൽനിന്ന് ഉയർന്നുവരേണ്ടത്.

ശ്രീ. എ. എ. അസീസ്: കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തോട് പ്രതികാരപരമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ നിയമസഭാ സമ്മേളനത്തിൽ രണ്ടാമത്തെ പ്രാവശ്യമാണ് റെയിൽവേ യാത്രാക്കൂലി-ചരക്കുകൂലി വർദ്ധനവ്, റെയിൽവേ ബഡ്ജറ്റ് എന്നീ കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ ഒരുമിച്ച് പോരാട്ടം നടത്തേണ്ട സമയമാണ് ആഗതമായിട്ടുള്ളത്.

ശ്രീ. എ. എം. ആരിഫ്: കേന്ദ്ര ഗവൺമെന്റിന്റെ ഓരോ വർഷത്തെ റെയിൽവേ ബഡ്ജറ്റിലും കേരളത്തോടുള്ള അവഗണന ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരളം ആവശ്യമായ ഗൃഹപാഠം ചെയ്യുന്നില്ലെന്നുള്ള വിമർശനമാണ് പലഭാഗത്തുനിന്നും ഉയർന്നുകേൾക്കുന്നത്. അടുത്ത ബഡ്ജറ്റിലെങ്കിലും കേരളത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പ് നടത്താൻ കഴിയണം. കഞ്ചിക്കോട്

റെയിൽകോച്ച് ഫാക്ടറി, ആലപ്പുഴ-ചേർത്തല വാഗൺ ഫാക്ടറി എന്നീ പദ്ധതികളെല്ലാം നടപ്പാക്കാതെ പോയ പ്രഖ്യാപനങ്ങൾ മാത്രമാണ്. വാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുന്ന നിലപാടിനെതിരെ ശക്തമായ പോരോട്ടം നടത്താനും അർഹമായ പരിഗണന നേടിയെടുക്കാനും പരിശ്രമിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി.യുടെ വാദഗതികളെ ന്യായീകരിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ പ്രതിപക്ഷത്തുനിന്നുമുണ്ടാകുന്നത് നിർഭാഗ്യകരമാണ്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നിവേദനം സമർപ്പിക്കാനും സ്ഥലമേറ്റെടുത്ത് നൽകാമെന്നതുമാണ് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും റെയിൽവേയുമായി ബന്ധപ്പെട്ട നിവേദനം കൊടുക്കാൻ തയ്യാറായില്ല എന്ന വസ്തുത അംഗീകരിക്കാൻ തയ്യാറാകണം. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കാവശ്യമായ സ്ഥലമേറ്റെടുത്ത് കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിന് 38 ട്രെയിനുകൾ അനുവദിച്ചിരുന്നു. കേരളത്തിന് കേവലം ഒരു പാസ്സഞ്ചർ ട്രെയിൻ മാത്രം അനുവദിച്ച എൻ.ഡി.എ. ഗവൺമെന്റിനെ

ആർജ്ജവത്തോടുകൂടി എതിർക്കാൻ ഒരുമിച്ച് നിൽക്കാം. കേരളത്തിലെ റെയിൽവേയ്ക്ക് വേണ്ടത് അടിസ്ഥാന സൗകര്യ വികസനമാണ്. പാത ഇരട്ടിപ്പിക്കൽ, ഇലക്ട്രിഫിക്കേഷൻ, ആട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം എന്നിവയ്ക്കായി യു.പി.എ. ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. കായംകുളം-എറണാകുളം വരെയുള്ള പാത ഇരട്ടിപ്പിക്കലും ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള ഇലക്ട്രിഫിക്കേഷനുമാണ് പൂർത്തിയാകാനുള്ളത്. യൂണിഗേജ് എന്ന ആശയം കൊണ്ടുവന്നതും നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത് കോൺഗ്രസ്സ് ഗവൺമെന്റാണ്. സബർബൻ ട്രെയിൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് മഹാരാഷ്ട്ര റെയിൽ ഡെവലപ്മെന്റ് അതോറിറ്റിയുമായി ചർച്ച ചെയ്യുകയും നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. കേരളത്തിന് അർഹിക്കുന്ന പരിഗണന ലഭിച്ചില്ലെന്നുമാത്രമല്ല ഇന്ത്യൻ റെയിൽവേയുടെ ഭൂപടത്തിൽ കേരളത്തിന് സ്ഥാനമില്ലാതാക്കിയിരിക്കുകയുമാണ്. കേരളത്തിലെ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ നിരവധി കാര്യങ്ങൾ ചെയ്യുന്നതിന് കഴിഞ്ഞ യു.പി.എ. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നേമം, കൊച്ചുവേളി എന്നീ റെയിൽവേ സ്റ്റേഷനുകളെ തിരുവനന്തപുരം സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനുകളായി വികസിപ്പിക്കണം.

റെയിൽവേയെ സ്വകാര്യ കുത്തകകൾക്ക് തീറെഴുതുന്ന കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ നമുക്ക് ഒരുമിച്ച് നിന്ന് പ്രതികരിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പ്രമേയത്തെ അനുകൂലിക്കുന്നു. ഏറ്റവും വലിയ അവഗണനയും അവഹേളനവുമാണ് റെയിൽവേയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്നത്. പുതിയ പദ്ധതികൾ അനുവദിച്ചിട്ടില്ലെന്നു മാത്രമല്ല മുമ്പ് പ്രഖ്യാപിച്ച പദ്ധതികൾക്കൊന്നും തുക നീക്കിവച്ചിട്ടുമില്ല. റെയിൽവേയെ സ്വകാര്യവൽക്കരിക്കാനും കുത്തകകൾക്ക് കൈമാറുവാനുമുള്ള നീക്കമാണ് കേന്ദ്രസർക്കാർ നടത്തുന്നത്. 2008-09-ബഡ്ജറ്റിൽ പ്രഖ്യാപിച്ച കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്തുകൊടുത്തെങ്കിലും പണി ആരംഭിക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. കോട്ടയം വഴിയുള്ള എറണാകുളം - തിരുവനന്തപുരം റെയിൽപാത ഇരട്ടിപ്പിക്കുന്ന ജോലിയും മുടങ്ങിക്കിടക്കുകയാണ്. കൊല്ലത്തുനിന്നും പുനലൂർ വഴി എഗ്മൂറിലേയ്ക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. പാലക്കാട് ഡിവിഷന്റെ അവശേഷിക്കുന്ന ഭാഗങ്ങളെ മംഗലാപുരം ഡിവിഷനോട് കൂട്ടിച്ചേർക്കുന്നതിനുള്ള നീക്കങ്ങളാണ് ഇപ്പോൾ നടക്കുന്നത്. യാത്രാ നിരക്കും ചരക്കു കൂലിയും വർദ്ധിപ്പിച്ചതുൾപ്പെടെയുള്ള നടപടികളെല്ലാം കഴിഞ്ഞ യു.പി.എ സർക്കാർ തുടങ്ങിവച്ചവയാണ്. കേന്ദ്ര

സർക്കാർ സ്വീകരിക്കുന്ന നടപടികൾമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നത് പാവപ്പെട്ട ജനങ്ങളാണ്. ഇതിനെതിരെ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇതുവരെ ഉണ്ടായിട്ടില്ലാത്ത അവഗണനയാണ് റെയിൽവേ ബഡ്ജറ്റിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് കേരളത്തിന്റെ വികസന കാര്യങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട്. കേരളത്തിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ സംബന്ധിച്ച വിശദമായ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിച്ചതിനുപുറമേ മുഖ്യമന്ത്രി കേരളത്തിന്റെ വികസനാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തെഴുതുകയും നേരിട്ടുകണ്ട് നിവേദനം സമർപ്പിക്കുകയും എം.പി.മാരുടെ യോഗം വിളിച്ചുകൂട്ടുകയും ചെയ്തിട്ടുണ്ട്. റെയിൽവേ ബഡ്ജറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. ഒരു കാലത്തുമില്ലാത്ത അവഗണനയാണ് ഉണ്ടായിരിക്കുന്നതെന്ന സഭയുടെ വികാരത്തോട് യോജിക്കുന്നു. റെയിൽവേയിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റും സ്വകാര്യവത്കരണവും കൊണ്ടുവരുന്നതിനോട് യോജിക്കാനാവില്ല. ക്ലീനിംഗ് എൻ.ജി.ഒ-കളെ ഏൽപ്പിച്ചുകൊണ്ട് റെയിൽവേ സ്വന്തം ഉത്തരവാദിത്വത്തിൽനിന്ന്

ഒഴിയുന്നുവെന്നാണ് മനസ്സിലാക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയുടെ അന്ത:സത്തയിൽ എല്ലാവരും യോജിക്കുന്നു. റെയിൽവേ ബഡ്ജറ്റ് കേരളത്തെ സംബന്ധിച്ച് നിരാശാജനകമാണ്. ഫെഡറൽ സംവിധാനത്തിൽ സംതൃപ്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന വിശാലമായ കാഴ്ചപ്പാട് നഷ്ടപ്പെട്ടാൽ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നഷ്ടപ്പെടും. വികസന കാര്യത്തിൽപ്പോലും നീതിപൂർവ്വമല്ലാത്ത നടപടികൾ സ്വീകരിക്കുന്നതിലൂടെ കേന്ദ്രഗവൺമെന്റ് ദേശീയ വീക്ഷണമില്ലാത്ത സമീപനം സ്വീകരിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ആവശ്യം വേണ്ടവിധത്തിൽ ഉന്നയിച്ചില്ല എന്നുപറയുന്നത് ശരിയല്ല. നിവേദനങ്ങൾ വഴിയും നേരിട്ടും എം.പി.മാർ മുഖേനയും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ ധരിപ്പിച്ചിരുന്നതാണ്. സബർബൻ റയിൽവേ, നിലമ്പൂർ-നഞ്ചൻകോട് പാത എന്നിവയുടെ കാര്യത്തിൽ കോസ്റ്റ് ഷെയറിംഗിനുള്ള സമ്മതവും കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് സ്ഥലം കണ്ടെത്തി പി.പി.പി. മോഡലിൽ ചെയ്യാമെന്ന കാര്യവും അറിയിച്ചിരുന്നുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല എന്നത് പ്രതിഷേധാർഹമാണ്. സഭയിൽ നടന്ന ചർച്ചയുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് പ്രമേയം അവതരിപ്പിക്കുന്നു

"കേന്ദ്ര റയിൽവേ മന്ത്രി പാർലമെന്റിൽ 08-07-2014-ന് അവതരിപ്പിച്ച

റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ പൂർണ്ണമായി അവഗണിച്ചതിൽ ഈ സഭ ശക്തമായി പ്രതിഷേധിക്കുകയും കേരള ഗവൺമെന്റും കേരളത്തിൽനിന്നുള്ള പാർലമെന്റംഗങ്ങളും രാഷ്ട്രീയ പാർട്ടികളും സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട കാര്യങ്ങൾ ഉടൻ അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.''

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.

*************